പതിനായിരത്തോളം തൊഴിലാളികളും ഇന്ന് പട്ടിണിയിലാണ്. അതിൽ രണ്ടുപേർ ഇതിനോടകം വളരെ പ്രയാസങ്ങളും കൊണ്ട് ആത്മഹത്യ ചെയ്യുകയുണ്ടായി. അവിടത്തെ തൊഴിലാളികളും മുഴുവൻ പട്ടിണിയിലാണ്. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങിയിരിക്കുകയാണ്. അവരിന്ന് ഉടുതുണിക്ക് മറുതുണിയില്ലെന്ന പരുവത്തിലായിക്കഴിഞ്ഞിരിക്കുകയാണ്. ഇങ്ങനെ, ഇന്നവർ കഷ്ടപ്പെടുകയാണ്. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം വളരെയധികം വിട്ടുവീഴ്ചകളുംക്ക് തയ്യാറായിട്ടുണ്ട്. അവരുടെ ആവശ്യങ്ങളംതന്നെ മിനിമൈസ് ചെയ്തുകൊണ്ട് നമ്മുടെ ബഹുമാനപ്പെട്ട ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, എന്തു തീരുമാനമെടുത്താലും അതംഗീകരിക്കുന്നതിന് അവർ തയ്യാറായിട്ടുണ്ട്. പക്ഷേ ഇങ്ങനെ പോകുന്ന ഈ തൊഴിലാളികളെ പലവിധത്തിലും ഇന്ന് മാനേജുമെൻറ് ദ്രോഹിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് ഉത്തരകേരളത്തെ സംബന്ധിച്ച് പറയുമ്പോഴും അവിടത്തെ ജനജീവിതമാകെ സ്തംഭിച്ചിരിക്കുകയാണ്. ഈ തൊഴിലാളികളോടും ഈ സ്ഥാപനത്തിനോടും മാനേജുമെൻറ് കാണിക്കുന്ന അനീതിക്ക് ഒരറുതി വരുത്തുന്നതിനുവേണ്ടി ഗവൺമെൻറ് തയ്യാറാകണം. സെക്രട്ടേറിയറ്റ് നടയിൽ ഗ്വാളിയർ റയോൺസ് തൊഴിലാളികളും ഇന്ന് അനിശ്ചിത കാലത്തേക്ക് സമരം ആരംഭിച്ചിരിക്കുകയാണ്. മാനേജുമെൻറ് ഈ ഫാക്ടറി തുറക്കുന്നതിനുവേണ്ടി തയ്യാറില്ലെങ്കിൽ ഗവൺമെൻറ് ഈ ഫാക്ടറി ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ടി തയ്യാറാകണമെന്നും ഈ സഭയിൽ ആവശ്യപ്പെട്ടതാണ്. ഇനി ഇതുപോലുള്ള ഒരു സബ്മിഷനോ ശ്രദ്ധക്ഷണിക്കലിനോ ഈ വിഷയത്തിന് സന്ദർഭമുണ്ടാക്കരുതെന്നും അഭ്യർത്ഥിക്കുന്നു. അവസാനമായി ഞാനീക്കാര്യം ഒന്നുകൂടി ആവശ്യപ്പെടുകയാണ്.

തൊഴിൽവകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, 7-7-1985 മുതൽ തൊഴിലാളികളും ബോണസിൻെറ ഇഷ്യൂവും ലോങ്ങ് ടേം സെറ്റിൽമെൻറ് ഇഷ്യൂവും മുൻനിർത്തി സമരത്തിലാണ്. ആ സമരം ഒത്തുതീർപ്പിലാക്കുന്നതിനുവേണ്ടി നിരവധി ശ്രമങ്ങളും ലേബർ ഡിപ്പാർട്ടുമെൻറ് ലവലിലും എൻെറ ലവലിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ലവലിലും നടക്കുകയുണ്ടായി. അവസാനമായി 27-8-1986-ലും 24-9-1986-ലും 25-9-1986-ലും ദീർഘമായ കോൺഫറൻസുകളും നടത്തുകയുണ്ടായി. ഇരുകൂട്ടർക്കും സ്വീകാര്യമായ ഒരു terms-ൽ എത്തിച്ചേരാൻ കഴിയുന്നില്ലെന്നുള്ളതാണ് അതിൻെറ ബുദ്ധിമുട്ട്. കമ്പനി അടച്ചുപൂട്ടിയിരിക്കുകയാണെന്ന പ്രസ്താവന പൂർണ്ണമായും ശരിയല്ല. അവർ സമരത്തിൽ ആണ്. ഗവൺമെൻറിൻെറ ശ്രമം തുടർന്ന് വരുകയാണ്.

(2) കണ്ണൂർ ജില്ലയിലെ എൻജിനീയറിംഗ് കോളേജ്

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഏഴാം പഞ്ചവൽസര പദ്ധതിയിൽ കേരളത്തിൽ ആരംഭിക്കുന്ന എഞ്ചിനീയറിംഗ് കോളേജിൽ ഒന്ന് കണ്ണൂർ ജില്ലയിൽ ആരംഭിക്കുമെന്ന തീരുമാനം കണ്ണൂർ ജില്ലക്കാരായ ഞങ്ങളെല്ലാം വളരെ സന്തോഷത്തോടുകൂടിയാണ് സ്വാഗതം ചെയ്തത്. എന്നാൽ കണ്ണൂർ ഇന്നു പ്രവർത്തിക്കുന്ന കോളേജും കാലിത്തൊഴുത്തും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോയെന്ന് അവിടെ വന്നു പരിശോധിക്കുന്നവർക്ക് മനസ്സിലാകും; അല്ലെങ്കിൽ അവരെ അമ്പരപ്പിക്കുമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അത്രമാത്രം ലാഘവബുദ്ധിയോടുകൂടിയാണ് ഒരു എഞ്ചിനീയറിംഗ് കോളേജ് അവിടെ ആരംഭിച്ചിരിക്കുന്നത്. ഒരു കോളേജ് ആരംഭിക്കുമ്പോൾ ഉണ്ടായിരിക്കേണ്ട മിനിമം സൗകര്യങ്ങളെക്കുറിച്ചുപോലും ധാരണയില്ലാതെയാണ് അവിടെ ക്ലാസ്സുകളും ആരംഭിച്ചിരിക്കുന്നത്. ആ കോളേജിൻെറ

LIBRARY ARCHIVES Kerala Legislative Assembly

ദൂരവസ്ഥകൊണ്ട് അവിടെ ചാർജ് എടുക്കാൻവന്ന അദ്ധ്യാപകൻമാരും മറ്റ് സ്റ്റാഫും ചാർജ് എടുക്കുന്നില്ലെന്നു മാത്രമല്ല ഉടൻ അവിടംവിട്ട് (കണ്ണൂർവിട്ട്) ഓടിപ്പോകുന്ന ഒരു സ്ഥിതിയുണ്ട്. അതുപോലെതന്നെയാണ് മറെറാരു ഗുരുതരമായ പ്രശ്നമുള്ളത്. ഈ എഞ്ചിനീയറിംഗ് കോളേജ് എവിടെ സ്ഥാപിക്കുമെന്നുള്ളതാണ്. ഇതിന് സ്ഥലം എവിടെയാണ്? സ്ഥലം സംബന്ധിച്ച പരിശോധന പൂർത്തിയാക്കിയ അന്വേഷണസംഘം ആദ്യം പറഞ്ഞത് മങ്ങാട്ടുപറമ്പിനടുത്ത് സർക്കാർ സ്ഥലമുണ്ടെന്നാണ്. ആ സ്ഥലം അനുയോജ്യമാണെന്ന് അവർ പറഞ്ഞു. ഇപ്പോൾ വന്നുവന്ന് ആ സർക്കാർ സ്ഥലം പോരെന്നും 104 ഏക്കറോളം ഭൂമി ഇന്നത്തെ മാർക്കറ്റു വിലയ്ക്ക് അക്വയർ ചെയ്തത് എടുത്താൽ മാത്രമേ ആവശ്യമായ സ്ഥലം ലഭ്യമാകുവെന്നുമുള്ള ഒർവസ്ഥ അവിടെ സംജാതമായിട്ടുണ്ട്. ഈ സ്ഥലംഇത്രയും വിലയ്ക്കെടുക്കുന്നതിനുപകരം താരതമേന്യ വിലകുറവുള്ള മറേ തെങ്കിലും സ്ഥലം എടുക്കുന്നതല്ലേ നല്ലതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, വിദ്യാഭ്യാസവകുപ്പുമന്ത്രി, വനംവകുപ്പുമന്ത്രി വ്യവസായവകുപ്പുമന്ത്രി എന്നിവർക്കും കണ്ണൂർ ജില്ലയിലെ എം. എൽ. എ. മാർക്കും ആ ഭൂമിയുടെ ഉടമസ്ഥൻമാർ എല്ലാവരുമായി ഒപ്പിട്ടുകൊണ്ടുള്ള ഒരു സംയുക്ത നിവേദനം നൽകിയിട്ടുണ്ട്. സ്ഥല സംബന്ധിച്ച് നമ്മുടെ ഉദ്യോഗസ്ഥൻമാർ അവിടെച്ചെന്ന് പരിശോധിച്ചു. അതുസംബന്ധിച്ച് വേദനാജനകമായ ഒരു കാര്യം ഈ സഭയെ അറിയിക്കാനുണ്ട്. അവിടെ വരുന്ന ഉദ്യോഗസ്ഥൻമാരുടെ താൽക്കാലിക സൗകര്യത്തിനപ്പുറം, ഒരു പ്രദേശത്തിന്റെ സമഗ്രമായ വികാസത്തെ ലാക്കാക്കിയാണ് ഇതുപോലെയുള്ള പുത്തൻസ്ഥാപനങ്ങളുണ്ടാകുമ്പോൾ ജനങ്ങൾ അതിനെ സ്വാഗതം ചെയ്യുന്നതെന്ന പ്രധാനപ്പെട്ട വസ്തുത പൂർണ്ണമായും വിസ്മരിച്ചുകൊണ്ട്, നഗരത്തിന്റെ ചുറ്റുവട്ടത്തിൽ ഇതെല്ലാം കേന്ദ്രീകരിച്ചുകൊണ്ട് നഗരവികസനത്തെയൊക്കെ താറുമാറാക്കുന്ന ഒരു സമീപനമാണ്, മേലുദ്യോഗസ്ഥൻമാർ സ്വീകരിക്കുന്നത്. ആ സമീപനത്തിനെതിരെ ശക്തമായ താക്കീതുനൽകിയില്ലെങ്കിൽ നമ്മുടെ നാട്ടിൻപുറങ്ങൾ പൊതുവേ നഗരങ്ങളോടൊപ്പം വികസിക്കുക എന്ന വികസന പ്രക്രിയയാകെ താറുമാറായിപ്പോകും. അതുകൊണ്ട് സ്ഥലനിർണ്ണയമുൾപ്പെടെ എഞ്ചിനീയറിംഗ് കോളേജിന്റെ ദൂരവസ്ഥയെക്കുറിച്ച് സമഗ്രമായ ഒരു പഠനം നടത്തി അന്തിമമായ ഒരു തീരുമാനമെടുക്കാൻ ബഹുമാനപ്പെട്ട ഗവൺമെൻറ് തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, ഏഴാം പദ്ധതിക്കാലത്ത് കേരളത്തിൽ മൂന്ന് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുക എന്നുള്ള തീരുമാനത്തെത്തുടർന്ന് ആദ്യത്തെ കോളേജ് കണ്ണൂർ ജില്ലയിൽ ഈ വർഷം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ 20-ാം തീയതി അവിടെ ക്ലാസ്സുകൾ തുടങ്ങി. അവിടെ സൗകര്യങ്ങളില്ലെന്ന് ശ്രീ. എ. കെ. ശശീന്ദ്രൻ പറഞ്ഞത് ശരിയല്ല. താൽക്കാലികമായിട്ട് കണ്ണൂർ ഗവൺമെൻറ് ഹൈസ്ക്കൂൾ കാമ്പൗണ്ടിൽ മൂന്നു കെട്ടിടങ്ങൾ അറകുറപ്പണികൾ പൂർത്തിയാക്കി കോളേജ് നടത്തുന്നതിനുള്ള ക്ലാസ്സുകൾ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ വളരെ ഭംഗിയായി ചെയ്തു കഴിഞ്ഞു. അതുപോലെതന്നെ ആവശ്യമുള്ള തസ്തികകൾ മുഴുവൻ സൃഷ്ടിച്ചുകഴിഞ്ഞു. അവിടെ അദ്ധ്യാപകരെ നിയമിച്ചു. ചില ആളുകൾ നിയമന ഉത്തരവ് കൈപ്പറ്റിയതിനുശേഷം ജോയിനിംഗ് ടൈം എടുത്തിരിക്കുന്നുവെന്നുമാത്രമേയുള്ളൂ. അതുപോലെതന്നെ വിദ്യാർത്ഥികൾക്ക് പ്രാക്ടിക്കൽ നടത്തുന്നതിനുവേണ്ടി ഗവൺമെൻറ് പോളിടെക്നിക്കുകളിൽ അതിനുള്ള ക്രമീകരണങ്ങൾ ചെയ്തു കഴിഞ്ഞിട്ടുണ്ട്. പിന്നെ കോളേജിന്

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യമായ സ്ഥലത്തെസംബന്ധിച്ചാണ് അദ്ദേഹം ഇവിടെ ഒരുകാര്യം സൂചിപ്പിച്ചത്. ഇപ്പോഴത്തെ ഗവൺമെൻറ് എടുത്തിരിക്കുന്ന തീരുമാനമെന്നു പറയുന്നത് തളിപ്പറമ്പ് താലൂക്കിൽ ആണ്ടൂർ വില്ലേജിൽ മങ്ങാട്ടുപറമ്പ് എന്ന സ്ഥലത്ത് ഇത് സ്ഥാപിക്കണമെന്നുള്ളതാണ്. അതിനാണ് ഓർഡർ പുറപ്പെടുവിച്ചിരിക്കുന്നത്. ഇതിനെ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധസമിതിയിലെ ബന്ധപ്പെട്ട ആളുകളും സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഗവൺമെൻറ് ഈ തീരുമാനമെടുത്തത്. അതിനുശേഷമാണ് ശ്രീ. കെ. പി. നൂറുദ്ദീനും ശ്രീ. എ. കെ. ശശീന്ദ്രനും പലപ്രാവശ്യമായി ഇക്കാര്യത്തെക്കുറിച്ച് ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. ഇപ്പോഴത്തെ എടുത്തിരിക്കുന്ന സ്ഥലത്തേക്കാളും അനുയോജ്യമായ സ്ഥലം അവിടെ ലഭ്യമാകുമെന്ന് പറഞ്ഞിട്ടുണ്ട്. എന്താണെങ്കിലും ഈ വിഷയത്തെ സംബന്ധിച്ച് ഒരു പുനഃപരിശോധന നടത്തുന്നതിനുവേണ്ടി ജനപ്രതിനിധികളേയും ഉദ്യോഗസ്ഥൻമാരേയുംകൂടി ഒരു ചർച്ചയ്ക്കുവേണ്ടി ഞാനിന്ന് വിളിച്ചിട്ടുണ്ട്. ആ ചർച്ചയിൽവച്ച് അക്കാര്യത്തെക്കുറിച്ച് തീരുമാനമെടുക്കുന്നതാണ്. കോളേജുപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോളേജിൽ മറ്റ് തരത്തിലുള്ള ബുദ്ധിമുട്ടുകളൊന്നുമില്ല. ഇപ്പോൾ 160 സീറ്റുകളുണ്ട്. 118 കുട്ടികളെ പ്രവേശിപ്പിച്ചുകഴിഞ്ഞു. ബാക്കിയുള്ള കുട്ടികൾക്ക് സെലക്ഷൻ മൊത്തമോ കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ആ കോളേജ് ഭംഗിയായിപ്രവർത്തിപ്പിക്കാൻ കഴിയും.

(3) അഴീക്കൽ തുറമുഖത്തിന്റെ വികസനം

ശ്രീമതി പി. ദേവൂട്ടി : സർ, ധാരാളം വികസന സാദ്ധ്യതയുള്ള ഒരു തുറമുഖമാണ് അഴീക്കൽ. ഇന്ന് ആ തുറമുഖത്തിന്റെ സ്ഥിതി വളരെ ശോചനീയമാണ്. അത് ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുകയാണ്. മാറിമാറി വരുന്ന ഗവൺമെൻറുകളും ജനങ്ങളുടെ സമ്മർദ്ദത്തിന്റെ ഫലമായി ആ തുറമുഖത്തിന്റെ വികസനത്തിനുവേണ്ടി പല അന്വേഷണങ്ങളും റിപ്പോർട്ടുകളും സമർപ്പിച്ചിട്ടുണ്ടെങ്കിൽ തന്നെയും ഇതുവരെ യാതൊന്നുംതന്നെ ചെയ്തിട്ടില്ല. രണ്ടുവർഷം മുമ്പ് തുറമുഖത്തിന്റെ അഴിമുഖത്ത് ധാരാളം മണൽ കൂമ്പാരങ്ങളും ഉണ്ടായതിന്റെ ഫലമായി ആ മണൽതിട്ടയിൽ ഇടിച്ച് നാല് മനുഷ്യർ മരിക്കുകയും രണ്ട് ബോട്ടുകൾക്ക് കേട് സംഭവിക്കുകയും ചെയ്തു. എന്നാൽ ഇപ്പോഴും ആ തുറമുഖത്ത് മണൽതിട്ട കൂമ്പാരമായി കിടക്കുകയാണ്. ഒറ്റ ബോട്ടിന് അങ്ങോട്ടു പോകാൻ കഴിയുന്നില്ല. തോണികൾക്കും പോകാൻ കഴിയുന്നില്ല. ഇതുമൂലം മൽസ്യത്തൊഴിലാളികൾ വളരെയധികം കഷ്ടപ്പെടുകയാണ് ഇൻഡസ്ട്രീസ് ഡിപ്പാർട്ടുമെൻറ് അഴീക്കൽ തുറമുഖത്ത് ഒരു ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റ് തുടങ്ങി. ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം വളരെയധികം ആളുകൾക്ക് ജോലി കൊടുക്കാൻ സാധിക്കുന്ന ഒരു യൂണിറ്റാണ് അത്. ആ യൂണിറ്റ് നല്ലനിലയിൽ പ്രവർത്തിക്കണമെങ്കിൽ അവിടെ കപ്പൽ വരണം. അവിടെ കപ്പൽ വരാൻ സാധിക്കുന്നുമില്ല. അങ്ങനെ അഴീക്കൽ തുറമുഖത്തിന്റെ സ്ഥിതി വളരെ ദയനീയമാണ്. ഇതുമൂലം മൽസ്യത്തൊഴിലാളികൾ വളരെയധികം കഷ്ടപ്പാട് അനുഭവിക്കുകയാണ്. ആ സ്ഥിതി കണക്കിലെടുത്തുകൊണ്ട് മീന എന്നു പറയുന്ന ഒരു മണ്ണുമാന്തി കപ്പൽ രണ്ടുവർഷം മുമ്പ് അവിടെ വന്നുവെങ്കിലും കാര്യമായി യാതൊന്നും ചെയ്യാൻ ആ കപ്പലിന് കഴിവുണ്ടായിരുന്നില്ല. ഈ അവസരത്തിൽ അവിടത്തെ മണ്ണ് നീക്കി മണൽതിട്ട മാറ്റി ബോട്ടു വരുന്നതിനും തോണി വരുന്നതിനും ഷിപ്പ് ബ്രേക്കിംഗ് യൂണിറ്റിലേക്ക് കപ്പൽ വരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. തുറമുഖം വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly